(സി) 96 പദ്ധതികളിൽ 40 എണ്ണത്തിനുള്ള തത്വാധിഷ്ഠിത അനുമതി നൽകി. 6846.45 കോടി രൂപ മുതൽമുടക്ക് വരുന്ന ഈ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) ജിം മുഖേന വന്ന 14 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലാണ്.

ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് (ജിം) മുഖേനയുള്ള വ്യവസായ സംരംഭങ്ങൾ

2 [1207] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് (ജിം) മുഖേന ആരംഭിച്ച വ്യവസായ സംരംഭങ്ങളിൽ ഏതിനെല്ലാമാണ് വിദേശ മൂലധന നിക്ഷേപം നടന്നിട്ടുള്ളതെന്നും എത്ര കോടി രൂപയുടെ വിദേശ മൂലധനമാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി ഏതൊക്കെ സംരംഭങ്ങളിലായി എത്രകോടി രൂപയുടെ തദ്ദേശീയ സഹകാര്യ മൂലധന നിക്ഷേപം നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജിം മുഖേന ഇതുവരെ ആരംഭിച്ച പദ്ധതികൾക്കൊന്നും വിദേശ നിക്ഷേപം വന്നിട്ടില്ല. എന്നാൽ പ്രവാസി മലയാളികളുടേതായിട്ടുള്ള നിക്ഷേപങ്ങൾ വന്നിട്ടുണ്ട്.

(ബി) പ്രവർത്തനമാരംഭിച്ച 14 സംരംഭങ്ങൾ മുഖേന 216.95 കോടി രൂപയുടെ മൂലധന നിക്ഷേപം വന്നിട്ടുണ്ട്. മറ്റ് പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ് (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു).†

ജിം ഇതര പദ്ധതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി

3 [1208] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് പുതുതായി ജിം ഇതര പദ്ധതികൾ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഉണ്ട്.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly